**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1145** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>അഴീക്കോട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** അഴീക്കോട് മണ്ഡലത്തിൽ നടന്നുവരുന്ന ടൂറിസം പദ്ധതി പ്രവൃത്തികളുടെ വിശദമായ വിവരം നൽകാമോ;

**<u>മറുപടി:</u>** നിലവിൽ അഴീക്കോട് മണ്ഡലത്തിൽ ടൂറിസം പദ്ധതികൾ നടന്നു വരുന്നില്ല.

**(ബി)** ടൂറിസം വകുപ്പിന്റെ പൂർത്തിയാകാത്തതോ പുരോഗമിക്കുന്നതോ ആരംഭിക്കുന്നതോ ആയ പ്രവൃത്തികളുടെ പൂർണമായ വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ അഴീക്കോട് മണ്ഡലത്തിൽ ടൂറിസം പദ്ധതികൾ നടന്നു വരുന്നില്ല.

**(സി)** പയ്യാമ്പലം ബീച്ച് വാക്ക് വേ- രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ വ്യക്തമാക്കാമോ ?

**<u>മറുപടി:</u>** 11.10.2021 ലെ Go(Rt)No.314/2021/TSM സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതി ആണ് പയ്യാമ്പലം ബീച്ച് വാക് വേ ഫേസ് 2. സിൽക്ക് ആയിരുന്നു നിർവഹണ ഏജൻസി. നിലവിൽ ബീച്ച് വാക് വേ നിർമ്മിക്കാൻ ഉദ്ദേശിച്ച സ്ഥലത്ത് നിർമ്മാണം നടത്തുന്നത് സുരക്ഷിതമല്ല എന്ന് വേവ് സ്റ്റഡി നടത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രവർത്തിയുമായി മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. സൈറ്റ് കണ്ടീഷന് അനുയോജ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാൻ ശ്രമം നടത്തിയെങ്കിലും തീരദേശ ഹൈവേ നിർമാണത്തിന് പ്രസ്തുത സ്ഥലം KRFB മാർക്ക് ചെയ്ത്, തീരദേശ ഹൈവേ അലൈൻമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**സെക്ഷൻ ഓഫീസർ**